കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/ 979/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

കണ്ണൂർ ജില്ല.

തീയ്യതി : 3-7-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

----------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( email )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി apr

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/979/2017 തീയ്യതി : 3 -7-2017

## കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് 14-10-2016 മുതൽ 31-5-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൽവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിനും മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 1-6-2017 മുതൽ 13-6-2017 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി.വി. ലക്ഷ്മി. | 1-4-2016 മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീമതി.സിന്ധു. ജെ | 1-4-2016 മുതൽ 31-5-2016 വരെ |
| | ശ്രീ. അനിൽകുമാർ. എൻ. അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ -ചാർജ്) | 1-6-2016 മുതൽ 21-11-2016 വരെ |
| | ശ്രീ. ബാബുരാജൻ. വി.പി. | 22-11-2016 മുതൽ 21-12-2016വരെ |

| | | |
|---|---|---|
| | ശ്രീ. രത്നാകരൻ. കെ | 22-12-2016 മുതൽ 31-3-2017വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. പ്രകാശൻ. കെ.കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. സുരേഷ്. ബി | 1-4-2016 മുതൽ 1-4-2016 വരെ |
| | ശ്രീ. രാമകൃഷ്ണൻ.എം. യു. | 2-4-2016 മുതൽ 9-3-2017 വരെ |
| | ശ്രീ. അതുല്യ. ബി. | 10-3-2017 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. ചെമ്പിലോട് | ശ്രീ. ശബരി ഗിരീഷ്. പി. | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ. ഇരിവേരി | ശ്രീ. മുഹമ്മദ് സാജിദ്. ടി.കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീ. ഉഷാവതി. സി. | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. ബിന്ദു. വി.. | 1-4-2016 മുതൽ 30-6-2016 വരെ |
| | ഡോ. ഷൈന. വി. | 1-7-2016 മുതൽ 27-11-2016 വരെ |
| | ഡോ. പി.കെ. കാർത്യായനി. | 28-11-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ദീപാരാജ്. വി.ടി. | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ഷൈനി. കെ. | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അനിൽകുമാർ. എൻ. | 1-4-2016 മുതൽ 24-12-2016 വരെ |
| | ശ്രീ. ഷെറിൻ. എഫ്. | 25-12-2016 മുതൽ 30-12-2016 വരെ |
| | ശ്രീ. ബിന്റി ലക്ഷ്മൺ | 31-12-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ. GHSS ചാല | ശ്രീ. പത്മിനി. സി. | 1-4-2016 മുതൽ 31-3-2017 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നില്ല -വസ്തുനികുതിയിനത്തിൽ ₹10,025യുടെ നഷ്ടം | 2-1 |
| 14 | പൊതു ഉപയോഗത്തിനായി നീക്കിവെച്ച ഭാഗങ്ങൾ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്താതെ നികുതി നിർണയം നടത്തി- വസ്തുനികുതിയിനത്തിൽ ₹14,321യുടെ നഷ്ടം | 2-2 |
| 15 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല | 2-3 |
| 16 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്. | 2-4 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | ഹോമിയോ ഡിസ്പെൻസറിക്ക് 1,00,000 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല | 3-1 |
| 18 | ആയുർവേദ ഡിസ്പെൻസറിക്ക് ₹3,329മരുന്ന് ലഭ്യമായിട്ടില്ല | 3-2 |
| 19 | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ - കേരള വാട്ടർ അതോറിറ്റി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 3-3 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം - തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ് | 3-4 |
| 21 | പി.എം.എ.വൈ അധികവിഹിതം-ബ്ലോക്ക് പഞ്ചായത്തിന് നൽകിയതുക വിനിയോഗിച്ചില്ല | 3-5 |

| | | |
|---|---|---|
| 22 | തെരുവ് വിളക്ക് - വൈദ്യുതി ചാർജ് ഒടുക്കുന്നത് | 3-6 |
| 23 | എസ്.എം.എസ്. സംവിധാനം | 3-7 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 34 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം 2 |
| 35 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം 3 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 28-2-2016 ലെ 37/16 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24-3-2017 ലെ 77/17 -)ാനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരമുള്ളത് ₹ | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 5000000 | 7154484 | 16949466.95 | 9794982.95 | - | 136.9 |
| വരവ് | 115541000 | 120673000 | 58992362 | - | 61680638 | -51.11 |
| ആകെ | 120541000 | 127827484 | 75941828.95 | - | 51885655.05 | -40.59 |
| ചെലവ് | 114655000 | 120327484 | 59108978 | - | 61218506 | -50.88 |
| നീക്കിയിരിപ്പ് | 5886000 | 7500000 | 16832850.95 | 9332850.95 | - | 124.43 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 31-5-2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|
| 2016-17 | 7-6-2017 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.
1) 2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതിയുടെ വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിവിവരത്തിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 16949466.95 |
| വരവ് | 58992362 |
| ആകെ | 75941828.95 |

| | |
|---|---|
| ചെലവ് | 59108978 |
| നീക്കിയിരിപ്പ് | 16832850.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | തൻവർഷത്തെ അലോട്ട്മെന്റ് തുക ₹ | ആകെ ₹ | ചെലവ് ₹ | ചെലവഴിക്കാത്ത തുക ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | ഇല്ല | 11609500 | 11609500 | 11609500 | ഇല്ല | 100 |
| വികസനഫണ്ട് (എസ്.സി.പി) | ഇല്ല | 840006 | 840006 | 840006 | ഇല്ല | 100 |
| വികസനഫണ്ട് (ടി.എസ്.പി) | ഇല്ല | 2241 | 2241 | 2241 | ഇല്ല | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | ഇല്ല | 7975896 | 7975896 | 7975896 | ഇല്ല | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | ഇല്ല | 3604185 | 3604185 | 3604185 | ഇല്ല | 100 |
| 13-)ംധനകാര്യ കമ്മീഷൻ അവാർഡ് | ഇല്ല | 6511110 | 6511110 | 6511110 | ഇല്ല | 100 |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 93 | 501886 | 501979 | 500832 | 1147 | 99.77 |
| ബി. ഫണ്ട് | ഇല്ല | 1196520 | 1196520 | 1196520 | ഇല്ല | 100 |
| ലോകബാങ്ക് സഹായം | ഇല്ല | 3409558 | 3409558 | 3409558 | ഇല്ല | 100 |

വികസനഫണ്ടും മെയിന്റനൻസ് ഫണ്ടും ചെലവഴിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് 2016-17 ൽ തയ്യാറാക്കി അംഗീകാരം വാങ്ങിയ 100 ശതമാനം പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കൈവരിച്ച ഈ നേട്ടം അഭിനന്ദനാർഹമാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 133 | 49653948 | 131 | 45975228 | 3 | 2 | 96.24 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|---|
| | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| സെക്രട്ടറി | 14 | 14 | 2429236 | 1838493 | 75.68 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 6 | 744741 | 442309 | 59.39 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 73 | 22609995 | 21885124 | 96.79 |
| കൃഷി ഓഫീസർ | 5 | 5 | 7179600 | 7167750 | 99.83 |
| മെഡിക്കൽ ഓഫീസർ CHC | 2 | 2 | 965080 | 637030 | 66.01 |
| മെഡിക്കൽ ഓഫീസർ GAD | 2 | 2 | 850000 | 850000 | 100 |
| വെറ്റിനറി സർജൻ | 6 | 6 | 2210000 | 2210000 | 100 |
| വി.ഇ.ഒ | 14 | 14 | 5270050 | 4056434 | 76.97 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 6142724 | 5653066 | 92.02 |
| ഹെഡ് മിസ്ട്രസ് | 5 | 5 | 1252522 | 1235022 | 98.6 |
| ആകെ | 133 | 131 | 49653948 | 45975228 | 92.59 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 6.33% കുറവുണ്ടായിട്ടുണ്ട്. 31-3-17 ന് വസ്തുനികുതി ഇനത്തിൽ ആകെ ₹93,281.15 പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6098560 | 6236871 | 138311 | (+) 2.26 |
| നികുതിയേതര വരവുകൾ | 3657139 | 2900352 | 756787 | (-)20.69 |
| മറ്റ് വരവുകൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| | | | | |
|---|---|---|---|---|
| ആകെ | 9755699 | 9137223 | 618476 | (-) 6.33 |

## 1-8 ക്ഷേമപദ്ധതികൾ

2016-17വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 86520 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 5875600 | 535 |
| വിധവാ പെൻഷൻ | 15208730 | 1040 |
| വാർദ്ധക്യകാല പെൻഷൻ | 26803105 | 1655 |
| വികലാംഗ പെൻഷൻ | 3153210 | 254 |
| അവിവാഹിത പെൻഷൻ | 2942810 | 199 |
| വിവാഹ ധനസഹായം | 1110000 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2-6-2017 ന് 11.30 a.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25,508 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-1-2011 മുതൽ 15-1-2011 വരെ | 2005-06 മുതൽ 2009-10 വരെ | 14-2-2011 |
| പെർഫോമൻസ് ഓഡിറ്റ് | 27-1-2017 മുതൽ 31-1-2017 വരെ | 1-10-2016മുതൽ 31-12-2016 വരെ | 8-2-2017 |

## 1-11 ഗ്രാമസഭ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 19 വാർഡുകളിലും 4 തവണ വീതം ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭയോഗങ്ങളിൽ ക്വാറം തികയാനുള്ള

ജനപങ്കാളിത്തമേ ഉള്ളുവെങ്കിലും ഗ്രാമപഞ്ചായത്തിലെ വികസന കാര്യങ്ങളിൽ ഗ്രാമസഭകൾ സുപ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് ഗ്രാമസഭ മിനുട്സുകൾ സാക്ഷ്യപ്പെടുത്തുന്നു. പദ്ധതി രൂപീകരണം, കരട് പദ്ധതിനിർദേശങ്ങൾ, മുൻകാല പദ്ധതി അവലോകനം എന്നിവ ഗ്രാമസഭയിലെ പ്രധാന ചർച്ചാവിഷയങ്ങളാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതികൾ, ക്ഷേമപെൻഷനുകൾ, ജലസുരക്ഷ എന്നീവിഷയങ്ങൾ സംബന്ധിച്ചും ഗ്രാമസഭയിൽ ചർച്ചചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും മറ്റ് ഓഡിറ്റ് റിപ്പോർട്ടുകളും ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. വിവിധ ക്ഷേമപെൻഷൻ സംബന്ധിച്ച് വ്യാപകമായ പ്രചരണം ഗ്രാമസഭാതലത്തിൽ നടത്തേണ്ടതും പെൻഷനുകൾക്ക് വേണ്ടി ലഭിച്ച അപേക്ഷകൾ അർഹത നിശ്ചയിക്കുന്നതിന് അവലംബിച്ച മാനദണ്ഡങ്ങൾ, അനുവദിക്കപ്പെട്ടവ, തിരസ്കരിച്ച അപേക്ഷകൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഭരണനിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗുണഭോക്തൃതെരഞ്ഞെടുപ്പ്

പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അയൽസഭകൾ, ഗ്രാമകേന്ദ്രങ്ങൾ എന്നിവ വഴി പ്രചരണം നൽകുകയും ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകുന്നതിനുള്ള അവസരം നല്കുകയും ചെയ്തിട്ടുണ്ട്. അർഹത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരിൽ നിന്ന് മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ അർഹത ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും സെപ്തംബർ മാസത്തിൽ ചേർന്ന ഗ്രാമസഭ യോഗത്തിൽ കരട് മുൻഗണന ലിസ്റ്റ് ചർച്ചചെയ്ത് അന്തിമ മുൻഗണന ലിസ്റ്റ് അംഗീകരിക്കുകയും തീരുമാനം മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മുൻഗണന ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നില്ല -വസ്തുനികുതിയിനത്തിൽ ₹10025യുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് ₹40യും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് ₹50 യുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(2) ബി, പ്രകാരം തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ വിസ്തീർണ്ണം എന്നും ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-)o ഉപവകുപ്പിൽ രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി മൊത്തം വാർഷിക നികുതി തിട്ടപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ 100 ചതുരശ്ര മീറ്ററിനു

മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് ₹40 എന്ന തോതിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. ഉടമസ്ഥന്റെ പേര് : കെ മുഹമ്മദ് സബീർ, കൊവ്വലിൽ ഹൗസ്, കോയ്യോട്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഒരു നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 25-4-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ)₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 13-150B 13421 | 26.76 | 1350 | 1687 | 337 | 20% വർദ്ധനവ് | 11608100414 26-4-2016 |
| 2 | 13-150C 13422 | 16.96 | 856 | 1069 | 213 | 20% വർദ്ധനവ് | 11608100416 26-4-2016 |
| 3 | 13-150D 13423 | 16.96 | 856 | 1069 | 213 | 20% വർദ്ധനവ് | 11608100417 26-4-2016 |
| 4 | 13-150E 13424 | 16.96 | 856 | 1069 | 213 | 20% വർദ്ധനവ് | 11608100418 26-4-2016 |
| 5 | 13-150F | 13.3 | 671 | 838 | 167 | 20% വർദ്ധനവ് | 11608100419 26-4-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 13425 | | | | | | |
| 6 | 13-150G<br>13426 | 23.84 | 1203 | 1503 | 300 | 20% വർദ്ധനവ് | 11608100420<br>26-4-2016 |
| | ആകെ | | | | 1443 | | |

II ഉടമസ്ഥന്റെ പേര് : വടക്കേ വളപ്പിൽ പുരുഷോത്തമൻ, ചന്ദ്രാലയം

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരു നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 /ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 18-5-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ് മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ)₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 4-1199A<br>13452 | 146.47 | 8768 | 8768 | 0 | 20% വർദ്ധനവ്<br>5% ഇളവ് | 11608100766<br>18-5-2016 |
| 2 | 4-1199B<br>13453 | 53.06 | 2541 | 3176 | 635 | 20% വർദ്ധനവ്<br>5% ഇളവ് | 11608100767<br>18-5-2016 |
| 3 | 4-1199C<br>13454 | 16.0 | 767 | 958 | 191 | 20% വർദ്ധനവ് | 11608100768<br>18-5-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 5% ഇളവ് | |
| 4 | 4-1199D<br>13455 | 16.95 | 813 | 1015 | 202 | 20% വർദ്ധനവ്<br>5% ഇളവ് | 11608100769<br>18-5-2016 |
| | ആകെ | | | | 1028 | | |

III. ഉടമസ്ഥന്റെ പേര് : എളമ്പിലാട്ട് കോമത്ത് അബ്ദുൾ ഷുക്കൂർ, മഠത്തിൽ പുതിയ പുരയിൽ ആസ്യ,കോമത്ത് ഹൗസ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 31-5-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ)₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 4-494N<br>13488 | 107.5 | 5341 | 5341 | 0 | 5% ഇളവ് (ഒന്നാം നില) | 11608103076<br>28-9-2016 |
| 2 | 4-494P<br>13489 | 18.70 | 747 | 933 | 186 | 5% ഇളവ് (ഒന്നാം നില) | 11608103077<br>28-9-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 3 | 4-494Q<br>13490 | 39.36 | 1572 | 1964 | 392 | 5%<br>ഇളവ്<br>(ഒന്നാം നില) | 11608103078<br>28-9-2016 |
| 4 | 4-494R<br>13491 | 33 | 1317 | 1647 | 330 | 5%<br>ഇളവ്<br>(ഒന്നാം നില) | 11608103079<br>28-9-2016 |
| | ആകെ | | | | 908 | | |

IV. ഉടമസ്ഥന്റെ പേര് : പി സി മുജീബ്, സുബൈദ മൻസിൽ

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 03-12-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ)₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 4-37 A<br>13649 | 75.88 | 3826 | 4781 | 955 | 20% വർദ്ധനവ് | 11608105514<br>15-12-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 4-37 B<br>13650 | 20.75 | 1046 | 1308 | 262 | 20%<br>വർദ്ധനവ് | 11608105515<br>15-12-2016 |
| 3 | 4-37 C<br>13651 | 21.36 | 1078 | 1346 | 268 | 20%<br>വർദ്ധനവ് | 11608105516<br>15-12-2016 |
| 4 | 4-37 D<br>13652 | 72.77 | 3485 | 4357 | 872 | 20%<br>വർദ്ധനവ്<br>5% ഇളവ്<br>(ഒന്നാം<br>നില) | 11608105517<br>15-12-2016 |
| 5 | 4-37 E<br>13653 | 19.06 | 914 | 1142 | 228 | 20%<br>വർദ്ധനവ്<br>5% ഇളവ്<br>(ഒന്നാം<br>നില) | 11608105518<br>15-12-2016 |
| 6 | 4-37 F<br>13654 | 19.60 | 939 | 1174 | 235 | 20%<br>വർദ്ധനവ്<br>5% ഇളവ്<br>(ഒന്നാം<br>നില) | 11608105519<br>15-12-2016 |
| | ആകെ | | | | 2820 | | |

V. ഉടമസ്ഥന്റെ പേര് : ചാലിൽ സഹദേവൻ , BR സ്മൃതി

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 25-5-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ)₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 2-240 A 13471 | 17.81 | 898 | 1123 | 225 | 20% വർദ്ധനവ് | 1160810081 25-5-2016 |
| 2 | 2-240 B 13472 | 19.07 | 962 | 1202 | 240 | 20% വർദ്ധനവ് | 1160810082 25-5-2016 |
| 3 | 2-240 C 13473 | 19.07 | 962 | 1202 | 240 | 20% വർദ്ധനവ് | 1160810083 25-5-2016 |
| 4 | 2-240 D 13474 | 23.88 | 1205 | 1505 | 300 | 20% വർദ്ധനവ് | 1160810084 25-5-2016 |
| 5 | 2-240 E 13475 | 23.10 | 1165 | 1456 | 291 | 20% വർദ്ധനവ് | 1160810085 25-5-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | 1296 | | |

VI. ഉടമസ്ഥന്റെ പേര് : ചാലിൽ കൊളപ്രത്ത് വിജയൻ , മാണിക്കോത്ത് ഹൗസ്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള 2നില കെട്ടിടം

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

നികുതി നിർണയിച്ച തീയതി : 26-4-16

| ക്രമ നമ്പർ | കെട്ടിട നമ്പർ അസസ്സ്മെന്റ് നമ്പർ | വിസ്തീർണ്ണം ($m^2$ ൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ഗ്രന്ഥശാലവരി5% ഉൾപ്പടെ) ₹ | ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതി (ഗ്രന്ഥശാലവരി 5% ഉൾപ്പടെ) ₹ | വ്യത്യാസം ₹ | കുറിപ്പ് | റസീറ്റ് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | 4-1201A 13412 | 23.65 | 1193 | 1490 | 297 | 20% വർദ്ധനവ് | 11608100454 26-4-2016 |
| 2 | 4-1201B 13413 | 22.94 | 1158 | 1446 | 288 | 20% വർദ്ധനവ് | 1608100455 26-4-2016 |
| 3 | 4-1201C 13414 | 18.24 | 920 | 1150 | 230 | 20% വർദ്ധനവ് | 1608100456 26-4-2016 |
| 4 | 4-1201D 13415 | 17.79 | 897 | 1122 | 225 | 20% വർദ്ധനവ് | 1608100457 26-4-2016 |
| 5 | 4-1201E 13416 | 17.79 | 897 | 1122 | 225 | 20% വർദ്ധനവ് | 1608100458 26-4-2016 |
| 6 | 4-1201F 13417 | 18.46 | 932 | 1164 | 232 | 20% വർദ്ധനവ് | 1608100459 26-4-2016 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 4-1201G 13418 | 23.08 | 1164 | 1455 | 291 | 20% വർദ്ധനവ് | 1608100460 26-4-2016 |
| 8 | 4-1201H 13412 | 41.40 | 2088 | 2609 | 521 | 20% വർദ്ധനവ് | 1608100461 26-4-2016 |
| 9 | 4-1201J 13412 | 17.5 | 882 | 1103 | 221 | 20% വർദ്ധനവ് | 1608100462 26-4-2016 |
| | ആകെ | | | | 2530 | | |

നികുതി നിർണ്ണയത്തിലെ അപാകങ്ങൾ കൊണ്ടുള്ള ആകെ നഷ്ടം വന്ന ₹10025 വസ്തുനികുതി പുനർനിണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്. ആവർത്തന നഷ്ടം എന്നതിനാൽ ഈ കാര്യം ഗൗരവമായി പരിഗണിക്കേണ്ടതാണ്.

## **2-2** <u>പൊതു ഉപയോഗത്തിനായി നീക്കിവെച്ച ഭാഗങ്ങൾ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്താതെ നികുതി നിർണയം നടത്തി-വസ്തുനികുതിയിനത്തിൽ **₹14321**യുടെ നഷ്ടം</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് വസ്തുനികുതി നിർണയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയിച്ചത് പൊതു ഉപയോഗത്തിനായി നീക്കിവെച്ച ഭാഗങ്ങൾ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്താതെയാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

അടിസ്ഥാന വസ്തുനികുതി നിരക്ക് : ₹50 / ചതുരശ്ര മീറ്റർ

| ക്രമ നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര്, അസ്സ്മെന്റ് നമ്പർ | കംപ്ലീഷൻ പ്രകാരമുള്ള തറവിസ്തീർണ്ണം ($m^2$) | നികുതി വിധേയമാക്കിയ തറവിസ്തീർണ്ണം ($m^2$) | നികുതി വിധേയമാക്കാത്ത ഭാഗത്തിന്റെ തറവിസ്തീർണ്ണം | നികുതി നഷ്ടം ₹ | നികുതി നിർണയിച്ച തീയതി |
|---|---|---|---|---|---|---|

<table>
<tr><td>1</td><td>വടക്കേ വളപ്പിൽ പുരുഷോത്തമൻ 13452 to 13455</td><td>272.02</td><td>232.48</td><td>39.54</td><td>2367 (20% വർദ്ധനവ് 5% ഇളവ്)</td><td>18-5-16</td></tr>
<tr><td>2</td><td>ചാലിൽ സഹദേവൻ 13471 to 13475</td><td>123.15</td><td>102.93</td><td>20.22</td><td>1274 (20% വർദ്ധനവ്)</td><td>25-5-16</td></tr>
<tr><td rowspan="2">3</td><td rowspan="2">പി സി മുജീബ് 13421 to 13426</td><td>140.56</td><td>117.99</td><td>22.57</td><td>1422 (20% വർദ്ധനവ്)</td><td rowspan="2">3-12-16</td></tr>
<tr><td>150.02</td><td>111.43</td><td>38.59</td><td>2310 20% വർദ്ധനവ് 5% ഇളവ് (ഒന്നാം നില)</td></tr>
<tr><td>4</td><td>എളമ്പിലാട്ട് കോമത്ത് അബ്ദുൾ ഷുക്കൂർ, മഠത്തിൽ പുതിയ പുരയിൽ ആസ്യ, കോമത്ത് ഹൗസ് 13488 to 13491</td><td>318.02</td><td>197.48</td><td>120.54</td><td>6013 5% ഇളവ് (ഒന്നാം നില)</td><td>31-5-16</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| 5 | കെ. മുഹമ്മദ് സബീർ 13421 to 13426 | 129.61 | 114.78 | 14.83 | 935 20% വർദ്ധനവ് | 25-4-16 |
| | ആകെ | | | | 14321 | |

നികുതി നിർണ്ണയത്തിലെ അപാകങ്ങൾ കൊണ്ടുള്ള ആകെ നഷ്ടം വന്ന ₹14321 വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കേണ്ടതാണ്. ആവർത്തന നഷ്ടം ആയതിനാൽ പഞ്ചായത്തിന് ഭീമമായ നഷ്ടം വരാതെ നോക്കേണ്ടതാണ്.

## 2-3 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2016-17കാലയളവിലെ ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങളിൽ ക്രമ നമ്പർ 1,2 കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചതായും ക്രമ നമ്പർ 3പ്രകാരമുള്ള കെട്ടിടത്തിനെ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതായും കാണുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | വാണിജ്യാവശ്യം |
|---|---|---|---|
| 1 | 15/7 | എടക്കാടൻ പ്രകാശൻ | വെൽഡിംഗ് ഷോപ്പ് |
| 2 | 11/21 | പുത്തൻ വീട്ടിൽ ഗോവിന്ദൻ | അനാദി കച്ചവടം |
| 3 | 3/314 | കെ.ടി. അബ്ദുൾ കരീം | സുഗന്ധദ്രവ്യങ്ങൾ വില്പന |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്യുമ്പോൾ തെറ്റായ രീതിയിൽ രേഖപ്പെടുത്തിയതുകൊണ്ടാണ് അപാകം ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്. ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-4 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി-മുൻവർഷങ്ങളിലെ നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഷോപ്പുകൾക്ക് അടിസ്ഥാന വസ്തു നികുതി ഒരു ചതുരശ്ര മീറ്ററിന് 50രൂപ എന്നതിനു പകരം 40 രൂപ നിരക്കിൽ നിർണ്ണയിച്ചതിനാൽ മുൻവർഷങ്ങളിലും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ , 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്

(വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം 2013-14,2014-15,2015-16 കാലയളവിൽ നികുതി നിർണ്ണയിച്ച 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വസ്തുനികുതി നിർണ്ണയം പുനപരിശോധിച്ച് റവന്യൂ നഷ്ടം ഉണ്ടായിട്ടില്ല എന്നുറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച് വ്യക്തമായ റിപ്പാർട്ട് ഓഡിറ്റ് വിഭാഗത്തിന് നൽകേണ്ടതുമാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഹോമിയോ ഡിസ്പെൻസറിക്ക് ₹1,00,000 യുടെ മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 56/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 1,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹1,00,000 ബിൽ നമ്പർ/തീയ്യതി: 12/16-17/17-12-2016

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി ₹1,00,000 ആലപ്പുഴ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല.

### 3-2 ആയുർവേദ ഡിസ്പെൻസറിക്ക് ₹3,329യുടെ മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി

പ്രോജക്ട് നമ്പർ : 43/17

പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 8,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹ 8,00,000 ബിൽ നമ്പർ/തീയ്യതി: 1/16-17/10-11-2016

ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ : 916155/16-11-2016

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മാനേജിംഗ് ഡയറക്ടർ, ഔഷധി റീ ഡിസ്ട്രിബ്യൂഷൻ സെന്റർ പരിയാരം എന്നവർക്ക് ആയുർവേദമരുന്നുകളുടെ വിലയിനത്തിൽ ₹8,00,000 നൽകിയിട്ടുണ്ട്. എന്നാൽ ₹7,96,671 യുടെ മരുന്നുകൾ മാത്രമാണ് ഔഷധി ലഭ്യമാക്കിയിട്ടുള്ളത്. ₹3,329 (800000-796671) യുടെ മരുന്നുകൾ ഇതുവരെയും ഡിസ്പെൻസറിക്ക് ലഭ്യമായിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിച്ച മരുന്നിന്റ വില₹ | മരുന്ന് ലഭിച്ചതീയ്യതി |
|---|---|---|
| 1 | 435057 | 9-12-2016 |
| 2 | 112279 | 18-1-2017 |
| 3 | 87646 | 4-2-2017 |

| | | |
|---|---|---|
| 4 | 58190 | 4-2-2017 |
| 5 | 36050 | 15-2-2017 |
| 6 | 10906 | 15-2-2017 |
| 7 | 20617 | 16-3-2017 |
| 8 | 23289 | 16-3-2017 |
| 9 | 12637 | 5-5-2017 |
| ആകെ | 796671 | |

## 3-3 വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ - കേരള വാട്ടർ അതോറിറ്റി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 103/17

പ്രോജക്ടിന്റെ പേര് : വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ

വകയിരുത്തിയ തുക : ₹4,50,826 മെയിന്റനൻസ് ഫണ്ട് റോഡിതരം

: ₹1,23,174 തനത് ഫണ്ട്

ആകെ : ₹5,74,000

ചെലവ് തുക : ₹4,50,826 ബിൽ നമ്പർ/തീയ്യതി: 13/16-17/30-01-2017

: ₹1,23,174 വൗച്ചർ നമ്പർ 1177/22-02-17

ആകെ : ₹5,74,000

ഗ്രാമ പഞ്ചായത്തിലെ പുളുക്കച്ചാൽ അംഗൻവാടി, ഇരിവേരികരിമ്പീൽ അംഗൻവാടി, കണയന്നൂർ സെൻട്രൽ അംഗൻവാടി, മുതുകുറ്റി ഹെൽത്ത് സബ് സെന്റർ അംഗൻവാടി എന്നിവയ്ക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മേൽ പ്രോജക്ട് പ്രകാരം ₹5,74,000 കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ അംഗൻവാടികൾക്ക് ഇതുവരെയായി കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടില്ല. ടെണ്ടർ പ്രവൃത്തികൾ പൂർത്തിയായി നടപടികൾ അന്തിമഘട്ടത്തിലാണെന്നും ഒരു മാസത്തിനുള്ളിൽ കണക്ഷൻ ലഭ്യമാക്കുമെന്നും കേരള വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. അംഗൻവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതും പൂർത്തീകരണ വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-4 പ്രത്യേക കന്നുകുട്ടി പരിപാലനം - തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറിസർജൻ

പ്രോജക്റ്റ് നമ്പർ : 32/17

പ്രോജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലനം

വകയിരുത്തിയ തുക : ₹2,81,250വികസനഫണ്ട്

: ₹ 2,81,250 സംസ്ഥാന വിഹിതം

: ₹ 5,62,500 ഗുണഭോക്തൃ വിഹിതം

ആകെ : ₹11,12,500

ചെലവു തുക : ₹2,81,250വികസനഫണ്ട് ബിൽ നമ്പർ/തീയ്യതി:1/16-17/ 28-02-17

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹2,81,250 (വികസനഫണ്ട്) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതം നൽകിയതിന്റെ വിവരം ലഭ്യമായിട്ടില്ല. മുതുകുറ്റി ക്ഷീരോത്പാദന സഹകരണ സംഘം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. മേൽ പദ്ധതി പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ ₹2,81,250 യിൽ നിന്നും ഇതുവരെയും തുകയൊന്നും വിനിയോഗിച്ചിട്ടില്ല. പ്രത്യേക കന്നുകുട്ടി പരിപാലനത്തിന്റെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷണ വിധേയമാക്കേണ്ടതും കൈമാറിയ തുക പദ്ധതിക്കായി പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-5 പി.എം.എ.വൈ അധികവിഹിതം-ബ്ലോക്ക് പഞ്ചായത്തിന് നൽകിയതുക വിനിയോഗിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രോജക്റ്റ് നമ്പർ : 73/17

പ്രോജക്ടിന്റെ പേര് : പി.എം.എ.വൈ അധികവിഹിതം

വകയിരുത്തിയ തുക : ₹20,000 വികസനഫണ്ട്

: ₹8,000 തനത് ഫണ്ട്

ആകെ : ₹28,000

ചെലവു തുക : ₹20,000 ബിൽ നമ്പർ/തീയ്യതി: 3/16-17/

: ₹8,000 ചെക്ക് നമ്പർ 049389/03-02-17

ആകെ : ₹28,000

എടക്കാട് ബ്ലോക്ക് പഞ്ചായത്തിന് പി.എം.എ.വൈ പദ്ധതി പ്രകാരം ഭവനനിർമ്മാണങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ₹28,000 നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. ബ്ളോക്ക് പഞ്ചായത്തിന് നൽകിയ ₹28,000യുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് - വൈദ്യുതി ചാർജ് ഒടുക്കുന്നത്

കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ചക്കരക്കൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ 14-3-2017 ലെ കത്ത് അനുസരിച്ചാണ് താഴെപ്പറയും പ്രകാരം ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് കണക്കാക്കിയിട്ടുള്ളത്.

| ഇനം | എണ്ണം | വാട്ട് | കത്തുന്ന സമയം | നിരക്ക്₹ | കറന്റ് ചാർജ്₹ |
|---|---|---|---|---|---|
| ഓർഡിനറി ബൾബ് | 24 | 40 | 12 | 61 | 1464 |
| ഫ്ലൂറസന്റ് ട്യൂബ് | 624+31 | 40 | 12 | 61 | 39955 |
| ഫ്ലൂറസന്റ് ട്യൂബ് | 65 | 2 x 40 | 12 | 124 | 8060 |
| സോഡിയം വേപ്പർ ലാംപ് | 10 | 250 | 12 | 414 | 4140 |
| സി.എഫ്.എൽ | 40 | 1x11 | 12 | 7 | 280 |
| സി.എഫ്.എൽ | 546+193 | 2x11 | 12 | 14 | 10346 |
| ആകെ | | | | | 64,245 |

2014-15 വാർഷിക പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സി.എഫ്.എൽ ബൾബുകൾ സ്ഥാപിച്ചിരുന്നതാണ്. എന്നാൽ വൈദ്യുതിയുടെ ഉപഭോഗം കൂടുതൽ വരുന്നതരത്തിലുള്ള ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ എന്നിവ ഇപ്പോഴും പഞ്ചായത്തിൽ പ്രവർത്തിപ്പിച്ചു വരുന്നതായാണ് മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. ഓർഡിനറി ബൾബുകൾ, സോഡിയം വേപ്പർ ലാംപുകൾ എന്നിവക്ക് പകരം സി.എഫ്.എൽ, എൽ .ഇ.ഡി ബൾബുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ചാർജ് ഒടുക്കുന്നതിൽ കുറവുവരുന്നതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 എസ്.എം.എസ്. സംവിധാനം

ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങൾ, പരിപാടികൾ, ആനുകൂല്യങ്ങൾ എന്നിവ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള നൂതന ആശയമായ എസ്.എം.എസ്. സംവിധാനം ചെമ്പിലോട് ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചെമ്പിലോട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതിയാണ് കേന്ദ്രീകൃത എസ്.എം.എസ് സംവിധാനം. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളിലും ഗൃഹനാഥന്മാർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ, പൊതുപരിപാടികൾ, ആവശ്യമായി വരുന്ന സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും, പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, മറ്റു പ്രസക്തമായ അറിയിപ്പുകൾ എന്നിവ

യഥാസമയം എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2016-17 ലെ വാർഷിക പദ്ധതി കണക്കുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള പൊതുഭരണം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉരുത്തിരിഞ്ഞ് വന്നതാണ് ഈ ആശയം. നല്ല പുതുമയുള്ളതും പൊതുജനങ്ങളിലേക്ക് എളുപ്പത്തിൽ വിവരങ്ങൾ എത്തിക്കുന്ന ഈ സംവിധാനം ഗ്രാമസഭ അംഗീകാരത്തോടു കൂടി 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പിലാക്കിയത്.

ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന മുഴുവൻ വീടുകളിലേയും ഗൃഹനാഥന്മാരുടെ മൊബൈൽ ഫോൺ നമ്പർ ശേഖരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലും സർവ്വെ നടത്തുന്നതിന് ആശ വർക്കർമാരെയാണ് നിയോഗിച്ചത്. ഗ്രാമപഞ്ചായത്ത് പരിധിയിലെ 95% ഗൃഹനാഥന്മാരുടെ മൊബൈൽ ഫോൺ നമ്പറുകൾ ഇത്തരത്തിൽ ശേഖരിച്ചിട്ടുണ്ട്. ആശാവർക്കർമാർ ഖേഖരിച്ച ഫോൺനമ്പറുകൾ വാർഡുകൾ വേർതിരിച്ച് ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് എല്ലാ വിവരങ്ങളും പ്രത്യേക സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും ഇതിന് ആവശ്യമായ സോഫ്റ്റ് വെയറുകൾ, SMSപാക്കേജുകൾക്ക് ക്വട്ടേഷൻ എന്നിവ ക്ഷണിച്ചാണ് സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ഈ പദ്ധതി പ്രവർത്തനത്തിലെത്തിക്കുകയും ചെയ്തത്. കൂടാതെ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ, കർഷകയോഗങ്ങൾ, മറ്റ് യോഗങ്ങൾ എന്നിവ സംബന്ധിച്ച് അതത് ഗ്രൂപ്പുകൾക്ക് വിവരം അറിയിക്കുന്നതിനും സാധിക്കുന്നുണ്ട്. 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ₹60,000 വകയിരുത്തുകയും ₹53482 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾ കൃത്യമായി അവരുടെ വീട്ടിലെത്തിക്കുന്നതിന് സാധിക്കുന്നു. പ്രാദേശിക സർക്കാർ എന്ന നിലയിൽ സേവനം വീട്ടിലെത്തിക്കുന്ന സുതാര്യമായ സംവിധാനംകൂടിയാണിത്. മുമ്പ് ഓഫീസിൽ നേരിട്ട് വന്ന് അന്വേഷിച്ചാൽ മാത്രം ലഭിക്കുന്ന വിവരങ്ങൾ വീട്ടിലെത്തിക്കുന്നത് വഴി സാധാരണ ജനങ്ങൾക്ക് സമയനഷ്ടവും ധനനഷ്ടവും ജോലിനഷ്ടവും ഒഴിവാക്കാൻ കഴിയുമെന്നതും ഈ പദ്ധതിയുടെ സവിശേഷതയാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രൊജക്ട് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 28,800 | 68/17 നെൽകൃഷി വികസനം | 28800 | ഇല്ല |

വാർഷിക ധനകാര്യപത്രികയിലെ ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം വിവിധ

ഉദ്ദേശങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകകൾ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. ടി തുകകൾ ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ തീയ്യതി | തുക ₹ | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 103 അംഗൻ വാടി കുടിവെള്ള പദ്ധതികൾ | 716 31-1-2017 | 450826 | ഇല്ല | പ്രവൃത്തി ആരംഭിച്ചിട്ടില്ല | 450826 |
| | | 1177 22-2-2017 | 123174 | ഇല്ല | | 123174 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 30000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| കണ്ണൂർ ജില്ലാ കോ- ഓപ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് സർട്ടിഫിക്കറ്റ് നമ്പർ 50/6-8-2015 | 10000 |

| | |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br>ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 185/27-9-2004 | 20000 |
| ആകെ | 30000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 58992362 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 59108978 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 24346 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | ഇല്ല |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 10025 | ശ്രീ.സിന്ധു. ജെ - ₹7205,<br>ശ്രീ.. ബാബുരാജൻ. വി.പി.- ₹2820 |
| 2-2 | 14321 | ശ്രീസിന്ധു. ജെ - ₹10589,<br>ശ്രീ.ബാബുരാജൻ. വി.പി.- ₹3732 |
| ആകെ | 24346 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെവിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ | ഓഡിറ്റ് സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീ.സിന്ധു. ജെ | വിരമിച്ച | സിന്ധൂരം, മേലെചൊവ്വ, കണ്ണൂർ |
| ശ്രീ. അനിൽകുമാർ. എൻ | സെക്രട്ടറി, കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | ശ്രീഭവൻ, പിണറായി- പിഒ<br>കണ്ണൂർ, 670741 |
| ശ്രീ.. ബാബുരാജൻ. വി.പി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ്, കതിരൂർ | വലിയപുരയിൽ, പഴശ്ശി<br>പി.ഒ- പാവന്നൂർമെട്ട 670602 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്./സി.7/971/02തീ.16-2-2003 | 4 |
| 2002-03 | എൽ.എഫ്./സി.6/87/06തീ.19-10-2006 | 3 |
| 2003-04 | എൽ.എഫ്./സി.6/1357/07തീ. 19-8-2008 | 3 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ/സി.1/64/09തീ. 2-10-2009 | 3 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ/സി.1/608/09തീ. 6-11-2009 | 3 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ/സി.1/331/12 തീ.22-5-2012 | 7 |
| 2009-10 | എൽ.എഫ്.കെ.എൻ.ആർ/സി.1/332/12 തീ.22-5-2012 | 12 |
| 2010-11 | എൽ.എഫ്.കെ.എൻ.ആർ/സി.1/333/12 തീ.28-1-2013 | 20 |

| | | |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.2/173/14<br>തീ.13-11-2015 | 18 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.2/621/2016<br>തീ.7-6-2016 | 11 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി./956/2016<br>തീ.1-12-2016 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കണ്ണൂർ.

## അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ./കെ.എൻ.ആർ./സി.6/979/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ,

ഇ- മെയിൽ lfadistofficeknr@gmail.com

തീയതി: 03.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C6/979/2017.

Kerala State Audit Department,

District Audit Office,Kannur,

E-mail : lfaddistauditofficeknr@gmail.com

Dated: 03.07.2017

Certified that I have audited the Annual Financial Statement of CHEMBILODE Gramapanchayath in KANNUR District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of CHEMIBILODE Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

## അനുബന്ധം2

# RECEIPT AND PAYMENT STATEMENT OF CHEMBILODE GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 16623825.95<br>325641.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1721190.00 |
| 140000000 | Fees & User Charges | RP-4 | 838227.00 |
| 150000000 | Sale & Hire Charges | RP-5 | 164250.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11763386.00 |
| 171000000 | Interest Earned | RP-9 | 464724.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 37306004.00 |
| 350000000 | Other Liabilities | RP-36 | 99290.00 |
| Non operating | | | |
| 340000000 | Deposits Received | RP-34 | 154022.00 |
| 350000000 | Other Liabilities | RP-36 | 477356.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5948832.00 |
| 460000000 | Loans,Advances and Deposits | RP-47 | 55081.00 |
| Grand Total | | | 75941828.95 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3830312.00 |
| 220000000 | Administrative Expenses | RP-12 | 1140628.00 |
| 230000000 | Operations & Maintenance | RP-13 | 1925975.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7106000.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11320950.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1041642.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 1752940.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 1196520.00 |
| 255000000 | Maintance Projects | RP-20 | 9271011.00 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 641437.00 |
| 280000000 | Prior Perid Items | RP-26 | 724.00 |
| 350000000 | Othes Liabilities | RP-36 | 4094994.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 2394.00 |
| 280000000 | Prior Period Item | RP-26 | (105.00) |
| 340000000 | Deposits Received | RP-34 | 20350.00 |
| 350000000 | Other Liabilities | RP-36 | 1932186.00 |
| 410000000 | Fixed Assets | RP-38 | 13053020.00 |
| 460000000 | Loans, Advances and Deposits | RP-47 | 778000.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 16665420.95<br>167430.00 |
| Grand Total | | | 75941828.95 |

DEPUTY DIRECTOR,
Kerala State Audit Department,

District Audit Office, Kannur.

അനുബന്ധം3

# INCOME AND EXPENDITURE STATEMENT OF CHEMBILODE GRAMA PANCHAYAT FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6204706.00 |
| 130000000 | Rental Income from panchayat properties | I-3 | 1027552.00 |
| 140000000 | Fees & User Charges | I-4(b) | 1335164.00 |
| 150000000 | Sale & Hire Charges | I-5(b) | 172980.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 97448262.00 |
| 171000000 | Interest Earned | I-8 | 464724.00 |
| 180000000 | Other Income | I-9 | 2520.00 |
| A | Total Income | | 106655908 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9487275.00 |
| 220000000 | Administrative Expenses | I-11(b) | 1140628.00 |
| 230000000 | Operations & Maintenance | I-12(b) | 1925975.00 |
| 240000000 | Interest & Finance Charges | I-13 | 2394.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 14734872.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 11063462.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 575562.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1752940.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 55179975.00 |
| 255000000 | Maintance Projects | I-14(e) | 9271011.00 |
| 256000000 | Other Revenue Grants and Funds Revenue Expenses | I-15(a) | 679928.00 |
| 272000000 | Depreciation | I-17(a) | 16139878.00 |
| B | Total Expenditure | | 121953900 |
| C=A-B | Gross Surplus / Defict Income over Expenditure | | (15297992.00) |
| D= 280000000 | Prior Period Item | I-18 | 619.00 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (15298611.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

DEPUTY DIRECTOR,

Kerala State Audit Department,
District Audit Office, Kannur.

## അനുബന്ധം4

# BALANCE SHEET of Chembilod Grama Panchayat as on 31.03.2017

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 6857785.10 |
| 312000000 | Reserves | B-3 | 49772370.00 |
| | Total Reserve & Surplus | | 56630155.10 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 671846.00 |
| | Total Grants,Contribution for specific purposes | | 671846.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 00 |

| | | | |
|---|---|---|---|
| | Total Loans | | 00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 3443497.00 |
| 350000000 | Other Liabilities | B-9 | 1055477.85 |
| | Total Current Liabilities and Provisions | | 4498974.85 |
| | TOTAL LIABILITIES | | 61800975.95 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84176576.00 |
| 411000000 | Accumulated Depreciation | B-11 | (40596226.00) |
| 412000000 | Capital Work In Progress | B-11(a) | 00 |
| | Total Fixed Assets | | 43580350.00 |
| | Investments | | |
| 420000000 | Investments | B-12 | 30000 |
| | Total Investments | | 30000 |
| | Current Assets,Loans and Advances | | |
| 430000000 | stock-in-hand | B-14 | 00 |
| 431000000 | Sundry Debtors (Receivables) | B-15 | 88575.00 |
| 440000000 | Pre-paid Expenses | B-16 | 00 |
| 450000000 | Cash and Bank balance | B-17 | 16832850.95 |
| 460000000 | Loans, Advances and Deposits | B-18 | 1269200.00 |
| | Total Current Assets,Loans and Advances | | 18190625.95 |

| | | | |
|---|---|---|---|
| | TOTAL ASSETS | | 61800975.95 |

DEPUTY DIRECTOR,
Kerala State Audit Department,
District Audit Office, Kannur.